REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഉരുൾപ്പൊട്ടലിൽ വൻ നാശനഷ്ടം സംഭവിച്ച വയനാടിന് പൂർണ്ണ പിന്തുണ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ജനകീയ തെരച്ചിൽ രാവിലെ എട്ടുമണിയോടെ ആരംഭിക്കും.
- അത്യുൽപ്പാദന ശേഷിയുള്ളതും കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതുമായ 109 കാർഷിക വിളയിനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും.
- നീറ്റ് പിജി പരീക്ഷ ഇന്ന്.
- സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- പാരിസ് ഒളിംപിക്സിന് ഇന്ന് കൊടിയിറക്കം.

## വാർത്തകൾ വിശദമായി

ഉരുൾപ്പൊട്ടലിൽ വൻ നാശനഷ്ടം സംഭവിച്ച വയനാടിന് പൂർണ പിന്തുണ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകി. ദുരന്തം രാജ്യത്ത് ഒന്നാകെ എല്ലാവരെയും വേദനിപ്പിച്ചതായി അദ്ദേഹം ദുരന്തമേഖല സന്ദർശിച്ച ശേഷം എക്സ് പോസ്റ്റിൽ പറഞ്ഞു. വയനാട്ടിലെ സ്ഥിതിഗതികൾ

സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും ദുരിതബാധിതരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് ലഭ്യമായ എല്ലാ വിഭവങ്ങളും സമാഹരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. നിരവധി കുടുംബങ്ങളെ ദുരന്തം സാരമായി ബാധിച്ചിട്ടുണ്ട്. ദുരന്തബാധിതരോടും പരിക്കേറ്റവരോടും നേരിട്ട് സംസാരിച്ചതായും സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. സംസ്ഥാന ഗവൺമെന്റിൽ നിന്ന് വിശദമായ റിപ്പോർട്ട് ലഭിച്ച ശേഷം ദുരിതബാധിത മേഖലയിലെ സ്കൂളുകളും വീടുകളുമുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമിക്കുന്നതിന് ആവശ്യമായ നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമെന്നും പ്രധാനമന്ത്രി ഉറപ്പു നൽകി.

✪✪✪

ഉരുൾപൊട്ടൽ ദുരന്തം വിതച്ച വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിൽ ജനകീയ തെരച്ചിൽ രാവിലെ എട്ടുമണിയോടെ ആരംഭിക്കും. ക്യാമ്പിലുള്ളവരിൽ സന്നദ്ധരായവരെ കൂടി ഉൾപ്പെടുത്തി ആറ് സോണുകൾ കേന്ദ്രീകരിച്ചായിരിക്കും ജനകീയ തെരച്ചിൽ എന്ന് മന്ത്രിസഭ ഉപസമിതി കൽപറ്റയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

പ്രാദേശിക ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരും പങ്കെടുക്കും. തെരച്ചിലിൽ പങ്കെടുക്കുന്നവരുടെ സുരക്ഷ പരിഗണിച്ച് രാവിലെ ഒൻപത് മണിക്കകം രജിസ്റ്റർ ചെയ്തവർക്കു മാത്രമേ തെരച്ചിൽ

മേഖലയിലേക്ക് പ്രവേശനം അനുവദിക്കൂ. നാളെ പുഴയുടെ താഴെ ഭാഗങ്ങളിൽ സേനയെ ഉപയോഗിച്ച് തെരച്ചിൽ നടത്തുമെന്നും മന്ത്രിമാർ അറിയിച്ചു.

✪✪✪

വയനാട് ജില്ലയിൽ 15 ദുരിതാശ്വാസ ക്യാമ്പുകളിലായി 604 കുടുംബങ്ങൾ കഴിയുന്നുണ്ട്. 685 പുരുഷൻമാരും 672 സ്ത്രീകളും 441 കുട്ടികളും ഉൾപ്പെടെ 1,798 പേരാണ് ക്യാംപുകളിൽ താമസിക്കുന്നത്. മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഭാഗമായി 14 ക്യാമ്പുകളും കാലവർഷക്കെടുതിയുടെ ഭാഗമായി കടച്ചിക്കുന്ന് തേൻ സംഭരണ കേന്ദ്രത്തിൽ ആരംഭിച്ച ഒരു ക്യാമ്പുമാണ് നിലവിൽ ജില്ലയിലുള്ളത്.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പതിനഞ്ചാം ദിവസമായ മറ്റന്നാൾ നിളാതീരത്ത് മൃതിയടഞ്ഞവരുടെ മോക്ഷത്തിനായി മരണാനന്തര കർമങ്ങൾ നടത്തുമെന്ന് ഐവർമഠം സർവീസ് ഉടമ പി.വി. കൃഷ്ണപ്രസാദ് വാര്യർ അറിയിച്ചു. മോക്ഷ പ്രാപ്തിക്കായി പ്രാർഥനയും ഉണ്ടാവും. ബുധനാഴ്ച തിരുവില്വാമല ഐവർമഠം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ച് അന്നദാനവും നടക്കും.

✪✪✪

ദുരന്തബാധിതരുടെ നല്ലഭാവി രാജ്യത്തിന്റെ ഉത്തരവാദിത്തമാണെന്ന പ്രധാനമന്ത്രിയുടെ വാക്ക്, സകലതും നഷ്ടപ്പെട്ടവർക്ക് ആത്മവിശ്വാസം നൽകുന്നതാണെന്ന് മുൻ

കേന്ദ്ര സഹമന്ത്രി V. മുരളീധരൻ പറഞ്ഞു. പണമില്ലാത്തതിനാൽ പുനരധിവാസം തടസപ്പെടില്ലെന്ന പ്രധാനമന്ത്രിയുടെ ഉറപ്പ് വയനാടിന് കരുത്താകുമെന്നും മുരളീധരൻ സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

വയനാടിന്റെ അതിജീവന പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് SNDP യോഗത്തിന്റെ ആദ്യ സഹായമായ 66 ലക്ഷം രൂപ കൈമാറി. ചേർത്തല കണിച്ചുകുളങ്ങര ക്ഷേത്രാങ്കണത്തിൽ നടന്ന ചടങ്ങിൽ മന്ത്രി V.N.വാസവൻ തുക ഏറ്റുവാങ്ങി.

✪✪✪

അത്യുൽപ്പാദന ശേഷിയുള്ളതും കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതുമായ 109 കാർഷിക വിളയിനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും. 34 വയൽ വിളകളും, 27 പഴം-പച്ചക്കറി വിളകളും ഉൾപ്പെടെ വ്യത്യസ്ത ഇനങ്ങളാണ് പുറത്തിറക്കുന്നതെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

തിനകൾ, തീറ്റവിളകൾ, എണ്ണക്കുരുക്കൾ, പയർവർഗ്ഗങ്ങൾ, കരിമ്പ്, പരുത്തി, നാരുകൾ, എന്നിവയുൾപ്പെടെ വിവിധ ധാന്യങ്ങളുടെ വിത്തുകളാണ് പുറത്തിറക്കുക. ചടങ്ങിൽ കർഷകരുമായും ശാസ്ത്രജ്ഞരുമായും പ്രധാനമന്ത്രി സംവദിക്കും.

✪✪✪

രാജ്യത്ത് ഡയമണ്ട് ഇംപ്രസ്റ്റ് ലൈസൻസ് അവതരിപ്പിക്കുമെന്ന് കേന്ദ്ര മന്ത്രി പിയുഷ് ഗോയൽ പറഞ്ഞു. മുംബൈയിൽ ജെം ആൻഡ് ജ്വല്ലറി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന 40-ാമത് ഇന്ത്യ ഇന്റർനാഷണൽ ജ്വല്ലറി ഷോയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ രത്ന, ആഭരണ കയറ്റുമതിക്കാരുടെ വലിയൊരു ഭാഗം അടങ്ങുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം കയറ്റുമതിക്കാർക്ക് ഡയമണ്ട് ഇംപ്രസ്റ്റ് ലൈസൻസ് പ്രയോജനം ചെയ്യും. നിശ്ചിത പരിധി വരെ വെട്ടി മിനുക്കിയ വജ്രങ്ങൾക്ക് ഇറക്കുമതി തീരുവ ഇളവ് അനുവദിക്കുന്നതാണ് ഡയമണ്ട് ഇംപ്രസ്റ്റ് ലൈസൻസ്.

✪✪✪

ദേശീയപാത 66 കോഴിക്കോട് ബൈപാസ് നിർമ്മാണം 78% പൂർത്തിയായതായി M.K. രാഘവൻ എംപി അറിയിച്ചു. ഡിസംബറോടെ 90% പണി പൂർത്തിയാക്കാൻ സാധിക്കും. അടുത്തവർഷം മാർച്ചോടെ പണി പൂർത്തിയാക്കി ദേശീയ പാത ഗതാഗതത്തിന് തുറന്നു കൊടുക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ദേശീയപാത കടന്നു പോകുന്ന വേങ്ങേരി ജങ്ഷൻ ഈ മാസം 30 ന് മുമ്പ് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കും. ബൈപ്പാസ് നിർമ്മാണ പുരോഗതി അവലോകനം ചെയ്യാൻ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

നീറ്റ് പിജി പരീക്ഷ ഇന്ന് നടത്തും. രണ്ട് ഷിഫ്റ്റുകളിലായി രാവിലെ 9 മുതൽ 12.30 വരെയും, 3.30 മുതൽ 7 വരെയുമാണ് പരീക്ഷ. രാജ്യത്തെ 500 കേന്ദ്രങ്ങളിലാണ് പരീക്ഷ നടത്തുന്നത്.

പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചത് ചില വിദ്യാർഥികൾക്ക് അസൗകര്യപ്രദമായ രീതിയിലാണെന്ന് കാണിച്ച് പരീക്ഷ നീട്ടി വെക്കണമെന്ന ഹർജി കഴിഞ്ഞ ദിവസം സുപ്രീം കോടതി തള്ളിയിരുന്നു.

✪✪✪

2024-25 അദ്ധ്യയന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലെ അവസാന ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ടോക്കൺ ഫീസ് ഓൺലൈൻ ആയി അടച്ച് 14നകം പ്രവേശനം നേടണം.

✪✪✪

മാലിന്യ നിയന്ത്രണ, സംസ്കരണ രംഗത്തെ മികവിന് നൽകുന്ന ദേശീയ പുരസ്കാരം തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന് ലഭിച്ചു. ഗ്രീൻടെക് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരം അസാമിലെ ഗുവാഹത്തിയിൽ വിമാനത്താവള അധികൃതർ ഏറ്റുവാങ്ങി. 100 ശതമാനം പ്ലാസ്റ്റിക് മാലിന്യങ്ങളും ഖരമാലിന്യങ്ങളും സംസ്കരിക്കാനും വേർതിരിക്കുന്ന മാലിന്യങ്ങൾ പുനരുപയോഗത്തിനായി ശേഖരിക്കാനും സംവിധാനം വിമാനത്താവളത്തിലുണ്ട്.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതാ പ്രഖ്യാപിച്ചു. ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശവും നൽകി. തെക്കൻ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

രണ്ടാഴ്ചയായി കായിക ലോകത്തെ ഉത്സവ തിമിർപ്പിലാക്കിയ പാരിസ് ഒളിംപിക്സിന് ഇന്ന് കൊടിയിറക്കം. സമാപന ചടങ്ങ് ഇന്ത്യൻ സമയം രാത്രി പന്ത്രണ്ടരയോടെ സ്റ്റെഡ് ദ ഫ്രാൻസ് സ്റ്റേഡിയത്തിൽ ആരംഭിക്കും.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്............

ഹോക്കിയിൽ വെങ്കലം നേടിയ മലയാളി താരം P.R. ശ്രീജേഷും ഇരട്ട വെങ്കലം നേടിയ ഷൂട്ടിങ് താരം മനു ഭാക്കറും സമാപന മാർച്ച് പാസ്റ്റിൽ ഇന്ത്യൻ പതാക വഹിക്കും. സമാപന ചടങ്ങിനൊടുവിൽ പതാക കൈമാറൽ ചടങ്ങ് നടക്കും. അടുത്ത ഒളിംപിക്സിന് വേദിയാകുന്ന ലോസ് ഏഞ്ചൽസ് മേയർ, പാരിസ് മേയറിൽ നിന്ന് ഒളിംപിക് പതാക ഏറ്റുവാങ്ങും.

ഇന്ത്യയുടെ മത്സരങ്ങൾ ഇന്നലെ അവസാനിച്ചു. ഒരു വെള്ളിയും അഞ്ചു വെങ്കലവുമുൾപ്പെടെ ആറു

മെഡലുകളാണ് ഇന്ത്യ സ്വന്തമാക്കിയത്. ഷൂട്ടിങ്ങിലെ മൂന്നു മെഡലുകൾ ഉൾപ്പെടെ നാല് ഇനങ്ങളിലാണ് ഇന്ത്യക്ക് കുതിപ്പ് കാഴ്ചവെക്കാനായത്. പുരുഷന്മാരുടെ 57 കിലോ വിഭാഗം ഗുസ്തിയിൽ ഇന്ത്യയുടെ അമൻ ഷെരാവത്ത് വെങ്കലം സ്വന്തമാക്കി. വനിതകളുടെ 76 കിലോഗ്രാം വിഭാഗം ഗുസ്തിയിൽ റിതിക ഹൂഡ പുറത്തായി. ക്വാർട്ടർ ഫൈനലിൽ കിർഗിസ്താൻ താരമാണ് റിതികയെ പരാജയപ്പെടുത്തിയത്. 39 സ്വർണവും 27 വെള്ളിയുമുൾപ്പെടെ 90 മെഡലുകളുമായി ചൈനയാണ് ഒന്നാം സ്ഥാനത്ത്. 38 സ്വർണം നേടിയ അമേരിക്കയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ഒളിംപിക്സ് ഗുസ്തിയിൽ നിന്ന് അയോഗ്യ ആക്കിയതിനെതിരെ ഇന്ത്യൻ താരം വിനേഷ് ഫോഗട്ട് സമർപ്പിച്ച അപ്പീൽ ഹർജിയിലെ വിധി പ്രഖ്യാപനം അന്താരാഷ്ട്ര കായിക തർക്ക പരിഹാര കോടതി മറ്റന്നാളേക്ക് മാറ്റി. ഇതുസംബന്ധിച്ച അന്തിമ തീരുമാനം അറിയിക്കുന്നതിന് ആർബിട്രർ ഡോ.അന്നാബെൽ ബെനെറ്റിന് ചൊവ്വാഴ്ച രാത്രി 9.30 വരെ സമയം അനുവദിച്ചു. ഫൈനലിന് മുമ്പ് ഭാരപരിശോധനയിൽ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ ഭാരം അനുഭവപ്പെട്ടതിനെത്തുടർന്നാണ് വിനേഷിനെ മത്സരത്തിൽ നിന്ന് വിലക്കിയത്. വെള്ളിമെഡലിന് അർഹതയുണ്ടെന്ന് കാണിച്ചാണ് വിനേഷ് കോടതിയിൽ അപ്പീൽ നൽകിയത്.

✪✪✪

ഒളിംപിക്സിൽ വെങ്കല മെഡൽ സ്വന്തമാക്കിയ ഇന്ത്യൻ ഗുസ്തി താരം അമൻ ഷെരാവത്തിനെ പ്രധാനമന്ത്രി നരേന്ദ്രമോദി ടെലഫോണിൽ വിളിച്ച് അഭിനന്ദിച്ചു. ഷെരാവത്തിന്റെ അർപ്പണബോധവും സ്ഥിരോത്സാഹവും വ്യക്തമാണെന്ന് പ്രധാനമന്ത്രി എക്സ് പോസ്റ്റിൽ കുറിച്ചു. അദ്ദേഹത്തിന്റെ നേട്ടം രാജ്യം മുഴുവൻ ആഘോഷിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഇന്ത്യയുടെ ആദ്യ വ്യക്തിഗത ഒളിമ്പിക് സ്വർണ്ണ മെഡൽ ജേതാവ് അഭിനവ് ബിന്ദ്രയ്ക്ക് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി, ഒളിമ്പിക് ഓർഡർ പാരിസിൽ സമ്മാനിച്ചു. ഒളിമ്പിക്സിൽ നൽകുന്ന സംഭാവനകളെ മുൻനിർത്തി IOC നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയാണ് ഒളിമ്പിക് ഓർഡർ.

✪✪✪

കഴിഞ്ഞ രണ്ടു വർഷത്തിനിടെ കായിക മേഖലയിൽ 1,500 ഓളം തൊഴിലുകൾ സൃഷ്ടിച്ചതായി മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. ഏഷ്യാഡ്, നാഷണൽ ഗെയിംസ്, ഒളിമ്പ്ക്സ് എന്നിവയിൽ വിജയിച്ചവർക്ക് തൊഴിൽ നൽകുന്നതിനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സിലബസിൽ കായികം ഒരു ഭാഗമാക്കുവാൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

**നിറപുത്തരി പൂജക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകുന്നേരം അഞ്ചിന് തുറക്കും. നാളെ പുലർച്ചെ 5.45നും 6.30നും ഇടയിലാണ് നിറപുത്തരി പൂജകൾ നടക്കുക.**